# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 | കെ. യു എച്ച്. ക്യു, തീയതി: 07.08.2020

<u>പ്രസിദ്ധീകരണത്തിന്</u>

**<u>ബി. ടെക്. ഡിഗ്രി റീ-രജിസ്ട്രേഷൻ</u>**

ബി. ടെക്. ഡിഗ്രി റീ-രജിസ്ട്രേഷനുള്ള അപേക്ഷകൾ ചലാൻ സഹിതം രജിസ്ട്രാർക്കും പരീക്ഷക്കുള്ള അപേക്ഷകൾ ചലാൻ സഹിതം പരീക്ഷാ കൺട്രോളർക്കും പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്. റീ -രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ട് അക്കാദമിക് വിഭാഗത്തിൽ നിന്നും 'റീ-രജിസ്ട്രേഷൻ മെമോ' ലഭിക്കുന്ന മുറക്ക് അതിന്റെ പകർപ്പ് പരീക്ഷാ വിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്.

**<u>പരീക്ഷാഫലം</u>**

അഫിലിയേറ്റഡ് കോളേജുകളിലെ **നാലാം** സെമസ്റ്റർ **എം. എ. ജേണലിസം ആൻഡ് മാസ് കമ്യൂണിക്കേഷൻ** ഡിഗ്രി (റഗുലർ/സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ഏപ്രിൽ 2020 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനുമുള്ള അപേക്ഷകൾ **21.08.2020** ന് വൈകുന്നേരം 5 മണി വരെ ഓൺലൈനായി സമർപ്പിക്കാം.

**നാലാം** സെമസ്റ്റർ **എം. എ. ആന്ത്രപ്പോളജി** (റെഗുലർ/ സപ്ലിമെന്ററി) മെയ് 2020 പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനുമുള്ള അപേക്ഷകൾ **20.08.2020** ന് വൈകുന്നേരം 5 മണി വരെ സമർപ്പിക്കാം.

**<u>പ്രൊജക്റ്റ് മൂല്യനിർണയവും വാചാ പരീക്ഷയും</u>**

രണ്ടാം സെമസ്റ്റർ എം. ഫിൽ. ഇംഗ്ലീഷ് (2018 അഡ്മിഷൻ റെഗുലർ/ സപ്ലിമെന്ററി) ജൂൺ 2019 പ്രൊജക്റ്റ് മൂല്യനിർണയവും വാചാ പരീക്ഷയും 13.08.2020 ന് ഓൺലൈനായി നടക്കും.രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ പഠനവകുപ്പുമായി ബന്ധപ്പെടുക.

ഒപ്പ്/-
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**